**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1599** **13-02-2025 - ൽ മറുപടിയ്ക്ക്**

**കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൃഷിവകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ **അനുബന്ധം 1** ആയി ചേർത്തിരിക്കുന്നു. |
| (ബി) | കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലാണ് കൈപ്പാട് കൃഷി നടക്കുന്നത്. ടി ജില്ലകളിൽ കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. |
| (സി) | മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് എന്തൊക്കെ സഹായങ്ങളാണ് കൃഷിവകുപ്പ് മുഖേന നൽകിവരുന്നതെന്ന് വിശദീകരിക്കാമോ? | (സി) | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് കൃഷി വകുപ്പിലെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്. എഫ്. എ. സി) യുടെ കീഴിൽ കമ്പനിയായി രജിസ്റ്റർ ചെയ്ത് ഫാർമർ പ്രൊഡ്യൂസർ കമ്പനി (എഫ്.പി.സി) യുള്ള ആനുകൂല്യം നൽകി വരുന്നു. കൈപ്പാട് കർഷകരുടെ ഉന്നമനത്തിനായി ഈ സൊസൈറ്റി മുഖാന്തിരം നെല്ല് പൂർണമായും സംഭരിച്ച് മൂല്യ വർധിത ഉത്പന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയും നെൽവിത്ത് സംഭരിച്ച് ആവശ്യകത അനുസരിച്ച് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

**സംസ്ഥാനത്ത് നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിലൂടെ താഴെ പറയുന്ന പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.**

1. സംസ്ഥാനാവിഷ്കൃത പദ്ധതിയായ '***നെൽകൃഷി വികസന പദ്ധതിയി***ലെ ഘടക പദ്ധതിയായ ***സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ*** ഉൾപ്പെടുത്തി വളം, ജൈവീക കീടരോഗ നിയന്ത്രണം മുതലായ വയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്.

2. സംസ്ഥാനത്തെ നെൽവയലുകൾ നിലനിർത്തുന്നതിനും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും ***നെൽവയൽ ഉടമസ്ഥർക്ക് റോയൽറ്റിയായി*** ഹെക്ടറിന് 3000/- രൂപ നൽകിവരുന്നുണ്ട്.

3. നെൽവയലിലെ ***മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി*** കുമ്മായ വസ്തുക്കൾ ഉപയോഗിക്കുന്നതിനായി ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ ആനുകൂല്യം നൽകിവരുന്നു.

4. പൊതു ഞാറ്റടി, കാർഷിക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ ***പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി*** ഹെക്ടറിന് 360/- രൂപ ക്രമത്തിൽ പാടശേഖര സമിതികൾക്ക് നൽകി വരുന്നു.

5. ***തരിശുനില കൃഷിക്ക്*** ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ഹെക്ടർ ഒന്നിന് ആനുകൂല്യം നൽകുന്നു.

6. ***പ്രത്യേക നെല്ലിനങ്ങളുടെ കൃഷി*** പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യംനൽകിവരുന്നു.

7. ***കോൾ മേഖലയിലെ*** നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ നടപ്പാക്കുന്ന ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവക്ക് പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ആനുകൂല്യംനൽകിവരുന്നു.

8. ഡ്രോൺ ഉപയോഗിച്ച് ***പത്രപോഷണത്തിലൂടെ*** സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഹെക്ടറിന് 2000/- രൂപ ക്രമത്തിൽ ആനുകൂല്യം നൽകി വരുന്നു.

9. നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് ***രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി*** നടപ്പിലാക്കുന്നു.

10. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ***ഉത്പാദന ബോണസായി*** ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000- രൂപ നൽകുന്നു.

11 കാർഷികാവശ്യത്തിനായി ***സൗജന്യ വൈദ്യുതി പദ്ധതിയിൽ*** ജലസേചനത്തിനായി നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നുണ്ട്.

12. കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നു. കേന്ദ്ര സർക്കാർ നിശ്ചയിച്ച താങ്ങുവില (MSP) യും 2022-23 നെല്ല് സംഭരണ സീസൺ മുതൽ ഒരു കിലോഗ്രാം നെല്ലിന്റെ വില 28.20 രൂപ ആണ്.

13. ഇതിനു പുറമെ ***പ്രകൃതിക്ഷോഭം*** മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള ***നെൽവിത്ത് സൗജന്യമായി*** നൽകുന്നു.

14. ***പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ*** നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

15. കേന്ദ്രാവിഷ്കൃത ***കാലാവസ്ഥാധിഷ്ഠിത വിളഇൻഷുറൻസ് പദ്ധതിയിൽ*** അംഗങ്ങളായ നെൽ കർഷകർക്ക് കാലാവസ്ഥയിലുണ്ടാകുന്ന വ്യതിയാനത്തിന് കാലാവസ്ഥ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹെക്ടറിന് 80000 രൂപ വരെ ആനുകൂല്യം ലഭിക്കുന്നു.

16. ***ജനകീയാസൂത്രണത്തിൽ*** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/- രൂപ /ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്.

17. ***ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല്)*** പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി ആനുകൂല്യം നൽകി വരുന്നു.

**അനുബന്ധം 2**

## കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

**കണ്ണൂർ ജില്ല**

1. കൃഷി വകുപ്പിന്റെ ***നെൽകൃഷി വികസന പദ്ധതിയിലൂടെ*** 2021 –22 വർഷം, 16.13770 ലക്ഷം രൂപ സമഗ്ര കൈപ്പാട് വികസനത്തിനായി ചെലവഴിച്ചിട്ടുണ്ട്.

2 2024–25 വർഷത്തെ ***ജനകീയാസൂത്രണ പദ്ധതിയിൽ*** 11.42 ലക്ഷം രൂപ കൈപ്പാട് കൃഷിക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് വകയിരുത്തിയിട്ടുണ്ട്.

**കോഴിക്കോട് ജില്ല**

1. സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന നെൽകൃഷി വികസന പദ്ധതിയുടെ കീഴിൽ ***"പ്രത്യേക നെല്ലിനങ്ങളുടെ കൃഷി"*** എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 13 ഹെക്ടർ കൈപ്പാട് കൃഷിക്ക് ഹെക്ടറിന് 10000/– രൂപ എന്ന കണക്കിൽ ധനസഹായം നൽകി വരുന്നു.
2. തിക്കോടി പഞ്ചായത്തിലെ 27 ഹെക്ടർ കൈപ്പാട് കൃഷിക്കായി ***ജനകീയാസൂത്രണ പദ്ധതിയിൻ*** കീഴിൽ 8.64 ലക്ഷം രൂപയുടെ സംയുക്തപദ്ധതി രൂപീകരിച്ച നടപ്പിലാക്കി വരുന്നു
3. അത്തോളി പഞ്ചായത്ത് ***ജനകീയാസൂത്രണ പദ്ധതിയിൻ*** കീഴിൽ കൈപ്പാട് കൃഷിക്കായി 0 .35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കാസർകോട് ജില്ല**

ജില്ലയിലെ വിവിധ പഞ്ചായത്തുകളിലായി 3.88 ലക്ഷം രൂപയുടെ ***ജനകീയാസൂത്രണ പദ്ധതികൾ*** കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്നു.